**QP CODE**
**C2080**

**Enrollment Number: ………………**

**Name: ………………………………**

**MA DEGREE EXAMINATIONS, JULY 2025**
**Second Semester**
**M.A. Malayalam Language & Literature**
**M21ML05DC – പ്രാചീന - മദ്ധ്യകാല കവിതാസാഹിത്യം**
**(2024 July admissions)**

Time: 3 Hours Max Marks: 70

**സെക്ഷൻ എ**

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം.**

1. പാട്ടിന്റെ ലക്ഷണം എന്ത്? വിശദീകരിക്കുക.
2. ''ദുർമ്മദം പോയങ്ങ് നിർമ്മലനായ് വന്നാൻ'' - ഏതു സന്ദർഭത്തിലാണ് കവി ഇങ്ങനെ പറയുന്നത്? വ്യക്തമാക്കുക.
3. ''വീരൻ കവി കുലത്തരചർക്കുമരചൻ ചൊന്നാൻ'' - എന്താണ് ചൊന്നത്? വിശദമാക്കുക.
4. “നാളം പോലെ നളിനകുഹരാ ദുൽഗതാ ഭൃംഗരാജി:” സന്ദർഭവും കല്പനാ സൗന്ദര്യവും വിവരിക്കുക.
5. ‘ചെറിയച്ചീചരിതം’ എന്ന കൃതിയെ സാമാന്യമായി പരിചയപ്പെടുത്തുക.
6. “ചലദളിഝങ്കാരം ചെവികളിലംഗാരം
   കോകിലകൂജിതങ്ങൾ കൊടിയ കർണ്ണശൂലങ്ങൾ”- സന്ദർഭം ഏതാണെന്നു വിശദീകരിക്കുക.
7. '' അവലു മാം മലരു മാം യഥാശക്തി
   മലർക്ക ന്യാമണവാളനൊക്കെയുമാകും.” - ഇവിടെ പരാമർശിക്കുന്നത് എന്തിനെക്കുറിച്ചാണ്? വിശദമാക്കുക.
8. മുക്തകങ്ങൾ എന്നാലെന്ത്? വിശദമാക്കുക.

**(2X5=10)**

**സെക്ഷൻ ബി**

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. വീരഗാഥ എന്ന നിലയിൽ ‘പാലാട്ടു കോമൻ’ എന്ന വടക്കൻപാട്ടിനെ പരിചയപ്പെടുത്തുക.
10. നിരണം കവികളുടെ കൃതികളെ സാമാന്യമായി പരിചയപ്പെടുത്തുക.

11. 'വൈശികതന്ത്രം' എന്ന കൃതിക്ക് ആസ്വാദനം തയ്യാറാക്കുക.
12. നളദമയന്തിമാരുടെ പ്രണയാവസ്ഥകൾ ഭാഷാനൈഷധം ചമ്പുവിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ? വിശദീകരിക്കുക.
13. 'കല്യാണസൗഗന്ധിക'ത്തിലെ ഭീമഹനുമൽസംവാദം സംഗ്രഹിച്ച് എഴുതുക. പ്രസ്തുത കാവ്യഭാഗത്തിന്റെ വ്യാഖ്യാനസാധ്യതകൾ എന്തെല്ലാമാണെന്നു കണ്ടെത്തുക.
14. 'ജ്ഞാനപ്പാന'യ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
15. മാലപ്പാട്ടുകളെക്കുറിച്ച് ഉപന്യസിക്കുക.
16. മഹാകാവ്യങ്ങളുടെ ലക്ഷണങ്ങൾ എന്തെല്ലാം? കേരളീയ മാഹാകാവ്യങ്ങൾ ഏതെല്ലാം? വിവരിക്കുക.
17. 'കവിരാമായണം' എന്ന കൃതിയെ പരിചയപ്പെടുത്തുക.
18. സന്ദേശകാവ്യങ്ങളുടെ പൊതുസ്വഭാവം എന്ത്? മലയാളത്തിലെ പ്രധാന സന്ദേശകാവ്യങ്ങൾ ഏതെല്ലാം?

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം.**

19. ഉടൽ കൊണ്ടും ഉയിര് കൊണ്ടും 'തിരുനിഴൽമാല' ദ്രാവിഡകൃതിയാണ് എന്നു പറയാനാകുമോ? പരിശോധിക്കുക.
20. ശബ്ദാർത്ഥപ്രയോഗത്തിലും അലങ്കാരസന്നിവേശത്തിലും ഭാവനാസമ്പന്നതയിലും അനിതരസാധാരണമായ വൈഭവം ഉണ്ണുനീലിസന്ദേശകാരനുണ്ട് എന്നു പറയാൻ കാരണമെന്ത്? വിശദീകരിക്കുക.
21. "നാട്ടുപ്രമാണിമാർ അടിയാങ്ങളെ ഭീഷണിപ്പെടുത്തുകയും നിന്ദിക്കുകയും കുട്ടിയിറക്കുകയും ചെയ്യുന്ന ഭാഷയാണ് ഭീമൻ പ്രയോഗിച്ചത് " അഭിപ്രായം പരിശോധിക്കുകയും വിശദീകരിക്കുകയും ചെയ്യുക.
22. മാനുഷികമായ വിലാപമാണ് പുത്തൻ പാനയിലുള്ളത് - അഭിപ്രായത്തിന്റെ സാംഗത്യം വിശദമാക്കുക.

**(15X2=30)**